പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1218

06-03-2018-ലെ
മറുപടിയ്ക്ക്

# വിവിധ കേന്ദ്രങ്ങളിൽ ഒരുമിച്ച് കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** നിശ്ചിത കാലയളവിൽ ഒരേ സമയത്ത് വിവിധ കേന്ദ്രങ്ങളിൽ ഒരുമിച്ചു കൃഷിയിറക്കുന്നത് ഉൽപാദനത്തിനും വിപണനത്തിനും ഒരുപോലെ ഗുണകരമാവുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** എങ്കിൽ ഈ വിധം കൃഷിയും വിളവെടുപ്പും, വിൽപ്പനയും ഏകോപിപ്പിക്കുന്നതിന് സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ; | **(ബി)** ഒരു നിശ്ചിത ഉല്പാദന പ്ലാനിന്റെ അടിസ്ഥാനത്തിൽ കൃഷിയിറക്കുവാനും അതനുസരിച്ച് ഉല്പാദിപ്പിക്കപ്പെടുന്ന കാർഷികോല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഏകോപിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. |
| **(സി)** എങ്കിൽ ഇതിനായി ഒരു കലണ്ടർ പുറത്തിറക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | **(സി)** ഉണ്ട്, സംസ്ഥാനത്തെ പച്ചക്കറി കൃഷി ഏകോപിപ്പിക്കുന്നതിനായി ഒരു കലണ്ടർ പുറത്തിറക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | എന്തൊക്കെ കാര്യങ്ങൾ ഉൾക്കൊള്ളിച്ചാകും പ്രസ്തുത കലണ്ടർ തയ്യാറാക്കുകയെന്നും, എന്ന് മുതലാണ് ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷികൾ ആസൂത്രണം ചെയ്യുകയെന്നും വ്യക്തമാക്കുമോ? | (ഡി) താഴെ പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടാണ് പച്ചക്കറി കൃഷി കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്.<br>1. ഓരോ സീസണിലും ഓരോ പ്രദേശത്തും കൃഷി ചെയ്യേണ്ട വിളയുടെ വിവരം<br>2. ഓരോ പ്രദേശത്തും ലഭ്യമാകുന്ന പച്ചക്കറികളുടെ വിവരം<br>3. ഓരോ മാസവും സ്വീകരിക്കേണ്ട പരിചരണ മുറകൾ<br>4. ഓരോ പ്രദേശത്തേയും വിപണിയുടെ മാസം തിരിച്ചുള്ള ആവശ്യകത<br>5. ഓരോ പ്രദേശത്തും ഓരോ മാസവും ലഭ്യമാകുന്ന പ്രതീക്ഷിത ഉല്പാദനത്തിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ<br>2018-19 മുതൽ കലണ്ടറിന്റെ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**